# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

## ആമുഖം

### ചുവൻപാറ സെ.റ്റി. എൽ.പി.സ്കൂൾ

ഈ സ്കൂൾ ആനിക്കാടിന്റെ ഏകദേശം മധ്യഭാഗത്ത് മല്ലപ്പള്ളി ചേലക്കൊമ്പ് റോഡിന്റെ അരികിൽ സ്ഥിതി ചെയ്യുന്നു. മല്ലപ്പള്ളിയിൽ നിന്നും ഈ സ്കൂളിലേക്ക് 3km ദൂരമുണ്ട്. സെ.റ്റി.& ഇ.എ. സ്കൂൾ കോർപറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ആനിക്കാട് പഞ്ചായത്തിന്റെ XIാം വാർഡിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇത് 1917ലാണ് സ്ഥാപിതമായത്. 1 മുതൽ 4 വരെയുള്ള ക്ലാസുകളാണ് ഉള്ളത്. Std I & II ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നു. ചുവൻപാറ പ്രദേശത്തുള്ള ഒരു പ്രൈമറി വിദ്യാലയമാണിത്. HM ഉൾപ്പെടെ മൂന്ന് അധ്യാപകർ ഇവിടെ പ്രവർത്തിക്കുന്നു. 9.15 am മുതൽ 4.30 pm വരെ സ്കൂൾ പ്രവർത്തിക്കുന്നു. SSA പ്രകാരമുള്ള പഠന പ്രവർത്തനങ്ങൾ നടത്തിവരുന്നു. അധ്യാപക ട്രെയിനിംഗ് ലഭിച്ച അധ്യാപകരാണിവിടെ പഠിപ്പിക്കുന്നത്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളാണിവിടെ പഠിക്കുന്നത്. ലോക്കൽ മാനേജരായി Rev. T.S. Jose ഉം ഹെഡ്മിസ്ട്രസ്സായി Smt. Sherly Varughese ഉം പ്രവർത്തിക്കുന്നു. Teachers ആയി Smt. Elsy Kutty Thomas ഉം Smt. Annamma George ഉം പ്രവർത്തിക്കുന്നു.

ഭൌതികാവസ്ഥ?

Name of School with Land Number
MTLPS Poovanpara
0469 - 2680307
9495343231

Name of Revenue village / Ward
Poovanpara II

Name of Cluster CRC : MRSLBV Govt HSS Vai

Name of Panchayath :- Anicad.

Name of Block : Mallappally.

Name of District :- Pathanamthitta.

Name of Headmistress :- Jilu George K
~~Shelly Varughees~~
mobile No : 9495343231
~~9744685557~~

Name of Teachers :- ~~Elsy Kutty Thomas~~
~~Annamma George.~~
Rajalakshmi R
Aswin Pramod

അടുത്ത 5 വർഷത്തേക്ക് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ 2025-2026.

1 ഭാഷാ പോഷണ പരിപാടി
2 ഗണിത ശേഷി വികസനം.
3 ഇംഗ്ലീഷ് ഭാഷ പരിപോഷണം.
4 ശാസ്ത്ര പോഷണ പരിപാടി
5 വായന പരിപോഷണം.
6 ഒന്നാം ക്ലാസ് ഒന്നാന്തരം.
7 ലൈബ്രറി ശാക്തീകരണം.
8 സാഹിത്യ പോഷണ പരിപാടികൾ
9 പഠന യാത്രകൾ/ ഫീൽഡ് ട്രിപ്പുകൾ
10 ICT സാധ്യതകൾ പ്രയോജനമാക്കൽ.
11 ക്ലാസ്സ് PTA സജീവമാക്കൽ
12 പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക
13 പ്രവൃത്തി പരിചയ പഠനം.
14 പച്ചക്കറിത്തോട്ടം/ പൂന്തോട്ട വിപുലീകരണം.
15 കൗൺസിലിംഗ്
16 വിദ്യാരംഗം കലാസാഹിത്യ വേദി
17 ദിനാചരണങ്ങൾ, പൊതുവിജ്ഞാനം.
18 ഒറിഗാമി പ്രദർശനം.
19 ഗണിത മൂല, ഗണിതാന്തരീക്ഷം ഒരുക്കൽ.

അക്കാദമിക മാസ്റ്റർ പ്ലാൻ 2025- 2026

സ്കൂൾ തുറന്നുള്ള ആദ്യത്തെ രണ്ടാഴ്ച തീം

അവതരണം

3/6/2025

പൊതുകാര്യങ്ങൾ

4/6/2025

.റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

.സ്കൂൾ വാഹനസഞ്ചാരം അറിയേണ്ട കാര്യങ്ങൾ

5/6/2025

. വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യ വത്ക്കരണം

9/6/2025

.ആരോഗ്യം, വ്യായാമം, കായികക്ഷമത

10/6/2025

.ഡിജിറ്റൽ അച്ചടക്കം

11/6/2025

.പരസ്പര സഹകരണത്തിന്റെ പ്രാധാന്യം.

12/6/2025

പരസ്പര പൊതുമുതൽ സംരക്ഷണം

13/6/2025

പൊതു ക്രോഡീകരണം

മേഖല: അക്കാദമികം. ഉപമേഖല: മലയാളഭാഷ.

പ്രവർത്തനം 1 ഭാഷാ പോഷണ പരിപാടി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| II, III, IV ക്ലാസ്സുകളിൽ മലയാള വായന, ലേഖനം എന്നീ മേഖലകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അവരെ മികച്ച നിലവാരത്തിലേക്ക് എത്തിക്കുക | 1. പഠനനില കണ്ടെത്തൽ (പ്രീ ടെസ്റ്റ് നടത്തി) വിശകലനം ചെയ്ത് കുട്ടികളുടെ മികവുകളും പരിമിതികളും കണ്ടെത്തുന്നു | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ S.R.G. | 250/- PTA. |
| | (2) പരിമിതികൾ പരിഹരിക്കുന്ന തിനാവശ്യമായ പ്രവർത്തനങ്ങൾ | ജൂൺ 15 നുള്ളിൽ | പ്രധാനാധ്യാപകൻ, ക്ലാസ് ടീച്ചർ SR.G. | ഒരു കുട്ടിക്ക് 25/- രൂപ |
| | തയ്യാറാക്കുന്നു / Little stars ( നന്മ പ്രവർത്തനം പ്രയോജനപ്പെടുത്തുന്നു ) ശേഖരിക്കുന്നു. | | | |
| | (3) പ്രത്യേക പഠനസഹായം നൽകൽ. (മലയാളത്തിളക്കം, ...) | ജൂൺ മുതൽ ആഗസ്റ്റ് വരെ. | ക്ലാസ് ടീച്ചർ | |
| | (4) ഇടക്കാല വിലയിരുത്തൽ. | ഒന്നാം ടേം ജൂലൈ / ആഗസ്റ്റ് / Sept 1 | ക്ലാസ് ടീച്ചർ | |
| | (5) തുടർപ്രവർത്തനം നിശ്ചയിക്കൽ | സെപ്തംബർ ആദ്യവാരം | SRG & ക്ലാസ് ടീച്ചർ | |
| | (6) വിലയിരുത്തൽ CPTA യിൽ പങ്കുവയ്ക്കൽ. | സെപ്തംബർ അവസാന വാരം. | ക്ലാസ് ടീച്ചർ | |

ഉപമേഖല : ഇംഗ്ലീഷ് ഭാഷ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | (1) പഠനനില കണ്ടെത്തൽ (പ്രീടെസ്റ്റ് നടത്തി) വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ഒക്ടോബർ ആദ്യവാരം. | ക്ലാസ് ടീച്ചർ. | 500/- |
| | (2) പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ. ശേഖരിക്കൽ | ഒക്ടോബർ രണ്ടാം വാരം | HM. ക്ലാസ് ടീച്ചർ S.R.G | ഒരുകുട്ടിക്ക് 50/- രൂപനിരക്കിൽ. |
| | (3) ഇംഗ്ലീഷിലുള്ള അസംബ്ലി | ആഴ്ചയിൽ രണ്ട് ദിവസം. | ക്ലാസ് ടീച്ചർ | |
| | (4) ഒരു ദിവസം ഒരു ഭാഷാ പരിപാടി (എല്ലാ ക്ലാസിലും) (ശരിയായി അവതരിപ്പിക്കുന്നവരെ.) | പ്രതിദിനം. | ക്ലാസ് ടീച്ചർ | |
| | (5) ഇംഗ്ലീഷ് - ക്ലാസ് ലൈബ്രറി വായനാസാമഗ്രികൾ, ലഘുവായനാ പുസ്തകം, പത്രം | ഒക്ടോബർ മുതൽ. | HM & ക്ലാസ് ടീച്ചർ | 1000/- PTA Sponsers. |
| | (6) പതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ to March | ക്ലാസ് ടീച്ചർ. | |
| | (7) പ്രകാശനം (പതിപ്പ്) Anniversary | March | | |

വായനാ പരിപോഷണം/വായനവാരം.

ലക്ഷ്യം:- 'വായിച്ചു വളരുക' എന്ന സന്ദേശത്തെ കൂടെ സ്കൂളിലെ എല്ലാ കുട്ടികളേയും പുസ്തക ലോകവുമായി കൂട്ടുക അടുപ്പിക്കുന്നതിനും പുസ്തകാസ്വാദന ശേഷി വികസിപ്പിക്കുന്നതിനും.

പ്രവർത്തനക്രമം:- SRG യോഗത്തിൽ ചർച്ച (June ആദ്യം)
പദ്ധതിരൂപരേഖ തയ്യാറാക്കൽ
ഭാഷാ ക്ലബ്ബ് ചുമതല നൽകൽ (June 10)

- കുട്ടികൾക്ക് വായനാ സാമഗ്രികൾ നൽകൽ പത്രം, School Library പുസ്തകങ്ങൾ ക്ലാസ് library എന്നിവ (June 11 മുതൽ)
- അധിക വായന സമയം തീരുമാനിക്കൽ ദിവസവും. (1 pm to 1.30pm)
- കുട്ടികൾ സ്വയം വായനയിൽ ഏർപ്പെടുന്നു. വായനാക്കുറിപ്പ് തയ്യാറാക്കുന്നു. (June 11 to June 18)
- വായനാവാരവുമായി ബന്ധപ്പെട്ട മത്സരങ്ങൾ
- ഏറ്റവും മികച്ച വായനാക്കുറിപ്പ്, വായന മത്സര വിജയി, ക്വിസ് എന്നിവയ്ക്ക് സമ്മാനം നൽകൽ.
- തുടർപ്രവർത്തനം (Libraryയിൽ നിന്നും പുസ്തകങ്ങൾ വായിക്കാനവസരം June to March.
- പുസ്തകങ്ങൾ വീട്ടിൽ കൊടുത്തു വിടുന്നു.
- PTA യോഗത്തിൽ നേട്ടങ്ങൾ അവതരിപ്പിക്കുന്നു.

ചുമതല :- ക്ലാസ് അധ്യാപകർ,

കൃഷിത്തോട്ട രൂപീകരണം. / പൂന്തോട്ട നിർമ്മാണം.

ലക്ഷ്യം: ① വിഷലിപ്തമായ പച്ചക്കറികളും മറ്റും ഒഴിവാക്കുന്നതിനും, അവരവരുടെ വീടുകളിൽ കൃഷിയിൽ ഏർപ്പെടുന്നതിനും കാർഷിക സംസ്കാരം വളർത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.

② വീടും, സ്കൂൾ പരിസരവും മോടി പിടിപ്പിക്കുന്നതിനും വിവിധ തരം സസ്യങ്ങൾ പരിചയപ്പെടുന്നതിനും അവസരം ഒരുക്കുക.

പ്രവർത്തന ക്രമം:-

- SRG യോഗത്തിൽ ചർച്ച (March അവസാനവാരം) പ്രവർത്തന രൂപരേഖ തയ്യാറാക്കൽ.
- (May 15 ന് ശേഷം) രക്ഷിതാക്കളുടെ സഹായത്തോടെ സ്ഥലം ഒരുക്കൽ.
- പ്രവേശനോത്സവദിനത്തിൽ രക്ഷിതാക്കൾ/ കുട്ടികൾ/ Trs എന്നിവരോട് വിവരങ്ങൾ പങ്കുവയ്ക്കൽ ( കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ)
- സ്കൂൾ അസംബ്ലിയിൽ ചന്തയിൽ നിന്നും മറ്റും വാങ്ങുന്ന പച്ചക്കറികളുടെ ഗുണനിലവാരം ചർച്ച ചെയ്യൽ (June 2 to 4)
- സ്കൂൾ വളപ്പിൽ നടുന്നതിനാവശ്യമായ നടീൽ വസ്തുക്കൾ ശേഖരിക്കൽ (June 2 to 4)
- പച്ചക്കറിവിത്തുകൾ, മരച്ചീനി, വാഴ, ചെടികൾ എന്നിവ നടീൽ ( June 5) (രക്ഷിതാക്കൾ, Trs, കുട്ടികൾ)
- പരിപോഷിപ്പിക്കൽ, വളം ചേർക്കൽ.
- ഡയറി എഴുത്ത് (
- ഡയറിക്കുറിപ്പ് അവതരണം (ഓരോരുത്തരുടെ ചെടിയെപ്പറ്റി)
- PTA യോഗത്തിൽ പങ്കുവയ്ക്കൽ (ആഗസ്റ്റ് മാസം)
- വിളവെടുപ്പ്/ വിനിയോഗം)

ഉപമേഖല :- ഗണിതം.

ഗണിതശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഖ്യാബോധം, ചതുഷ്ക്രിയകൾ എന്നീ മേഖലയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിഹരിപ്പിക്കുന്നതിന് | 1 പഠനനിലകണ്ടെത്തുന്ന (പ്രീ) ടെസ്റ്റിലൂടെ കുട്ടികളുടെ മികവുകളും പരിമിതികളും കണ്ടെത്തുന്നു | ജൂലൈ ആദ്യവാരം | ക്ലാസ് ടീച്ചർ | Rs:500/- SSA fund. |
| | (2) ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ കൈവരിക്കാൻ സഹായകമായ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു / ശേഖരിക്കുന്നു. (ചിത്രങ്ങൾ, വസ്തുക്കൾ, സംഖ്യാ കാർഡുകൾ, സ്ഥാനവില പോക്കറ്റ്, മന:കണക്കുകൾ, ചാർട്ടുകൾ, രൂപങ്ങൾ പസിലുകൾ) | ജൂലൈ 20 നകം | ക്ലാസ് ടീച്ചർ SRG. HM. | ഓരോ കുട്ടിക്കും 50/- രൂപ വീതം. |
| | (3) പ്രത്യേക പഠനപ്രവർത്തനങ്ങൾ നൽകൽ. | ജൂലൈ മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ. | |
| | (4) ഇടക്കാല വിലയിരുത്തൽ തുടർപ്രവർത്തനം നൽകൽ. | ആഗസ്റ്റ് രണ്ടാം വാരം മുതൽ എല്ലാ മാസവും. | ക്ലാസ് ടീച്ചർ SRG. | |
| | (5) CPTAയിലും അസംബ്ലിയിലും ഗണിത പാട്ടുകൾ, സങ്കലനപട്ടിക, ഗുണനപട്ടിക പസിലുകൾ എന്നിവ അവതരിപ്പിക്കുക. കുട്ടികളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുക. | മാസത്തിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |

ഉപമേഖല : ശാസ്ത്ര പഠനം – ശാസ്ത്രാഭിരുചി വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടമുറപ്പാക്കുന്നതിനും എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉണ്ടാക്കൽ | ① ഒന്നു മുതൽ നാല് വരെ പഠനത്തിന് സഹായകമായവ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ. | ഒക്ടോബർ മൂന്നാം വാരം. | ക്ലാസ് ടീച്ചർ (ഓരോരുത്തരും ലേഖയും) | |
| | ② തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ, പ്രത്യേകം സൂക്ഷിക്കേണ്ടവ എന്നിങ്ങനെ തരം തിരിക്കൽ. ശാസ്ത്രമൂല തയ്യാറാക്കൽ, ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രിന്റ് തയ്യാറാക്കൽ. | ഒക്ടോബർ 30 നു മുൻപ്. | അധ്യാപകർ S.R.G. | പ്രിന്റ് Rs:30/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| | ③ സാമഗ്രികൾ വാങ്ങൽ. | നവംബർ ആദ്യം - | HM, SRG Convenor | 2000/- (SSA fund Rs: 1000/-) |
| | ④ PTA യോഗത്തിൽ ശാസ്ത്രമേള സംബന്ധിച്ച അവതരണം. സാമഗ്രികളുടെ ശേഖരണം. | | PTA, HM, SRG Convenor | |
| | ⑤ പഠനോപകരണ നിർമ്മാണത്തിൽ രക്ഷിതാക്കളെ കൂടി ഉൾപ്പെടുത്തൽ. | ഡിസംബർ | PTA, HM, 4ാം ക്ലാസിലെ അധ്യാപിക | Sponsorship Rs: 2000/- |
| | ⑥ ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ, ക്ലാസ് നിലവാരത്തിനനുസരിച്ച് വാങ്ങൽ രക്ഷിതാക്കളെ വായിപ്പിക്കൽ (School Library യിൽ നിന്ന് Class Library യിലോട്ട് മാറ്റൽ) | ഡിസംബർ - ഫെബ്രുവരി | ക്ലാസ് ടീച്ചർ HM, PTA | Sponsorship Rs: 1000/- |

## ഒന്നാം ക്ലാസ് ഒന്നാന്തരം.

ലക്ഷ്യം:- കുട്ടികളെ വായനയുടെ ലോകത്തേയ്ക്ക് നയിക്കുന്നതിനും, ചിഹ്നങ്ങളും ലിപിയും മനസ്സിലാക്കി എഴുതാൻ സഹായിക്കുന്നതിനും.

പ്രവർത്തന ക്രമം: ചിത്രങ്ങളും, വാക്കുകളും, ചെറിയ വാക്യങ്ങളും ഉള്ള പുസ്തകങ്ങൾ, വായനാകാർഡുകൾ എന്നിവ ക്ലാസ് ലൈബ്രറിയിൽ ശേഖരിക്കുന്നു.

- ചിത്ര വായനയ്ക്ക് കുട്ടികൾക്ക് അവസരം നൽകുന്നു.
- ക്ലാസിലും, അസംബ്ലിയിലും വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു.
- Tയുടെ സഹായത്തോടെ ലിപി, ചിഹ്നങ്ങൾ എന്നിവ ചേർത്ത് എഴുതാനും വായിക്കാനും പഠിക്കുന്നു.
- തുടർന്ന് സ്വയം വായിക്കുന്നു, എഴുതുന്നു.
- അക്ഷര കാർഡുകൾ, പദകാർഡുകൾ എന്നിവ നൽകാം.

ചുമതല, HM, ക്ലാസ് ടീച്ചർ

സാമ്പത്തികം: S.S.A fund Rs:-1000/-

കാലം:- November to March (for this y
June to March.

## ലൈബ്രറി ശാക്തീകരണം.

ലക്ഷ്യം-

കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരെ വായനയിലേക്ക് നയിക്കുന്നതിനും ആസ്വാദന ശേഷി വികസിപ്പിക്കുന്നതിനും.

സ്കൂൾ ലൈബ്രറി വിപുലീകരിക്കുന്നതിന്.

പ്രവർത്തന ക്രമം.

- നിലവിൽ സ്കൂൾ ലൈബ്രറിയിലുള്ള പുസ്തകങ്ങൾ ലിസ്റ്റ് ചെയ്ത് ലൈബ്രറി റജിസ്റ്റർ തയ്യാറാക്കുക.
- ഓരോ ക്ലാസിലേയ്ക്കും അനുയോജ്യമായ പുസ്തകങ്ങൾ തരംതിരിയ്ക്കുക.
- അവ ക്ലാസ് ലൈബ്രറിയിൽ പ്രയോജനപ്പെടുത്തുക.
- കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് വായിക്കാനവസരം നൽകുക.
- പൂർവ്വ വിദ്യാർത്ഥികൾ, സംഘടനകൾ, PTA എന്നിവരുടെ സഹായത്തോടെ കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തുക.
-